(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

59 [764] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടു കൊല്ലത്തിലധികമായി തീരുമാനമെടുക്കാതെ കിടക്കുന്ന എത്ര ഫയലുകൾ സെക്രട്ടേറിയറ്റിലുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫയലുകൾക്കാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത ഫയലുകൾ ഏതെല്ലാം വിഷയങ്ങളെ സംബന്ധിക്കുന്നതാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഫയലുകളുടെ കാലാവധി പരിധി തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8414.

(ബി) 8,06,004.

(സി) സെക്രട്ടേറിയറ്റിലെ അതാത് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ചുമുള്ള ഫയലുകൾ.

(ഡി) ഫയൽ തീർപ്പാക്കലിന് കാലാവധി പരിധി തീരുമാനിച്ചിട്ടില്ല.

വിജിലൻസ് കേസ് നേരിടുന്നവരെ ഡിപ്പാർട്ട്മെന്റ് തലവൻമാരാക്കിയ നടപടി

60 [765] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസ് നേരിടുന്ന ഏതെല്ലാം ഉദ്യോഗസ്ഥരാണ് ഡിപ്പാർട്ട്മെന്റ് തലവൻമാരായി നിയമിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് കേസ് നേരിടുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥരെ ഡിപ്പാർട്ട്മെന്റ് തലവൻമാരായി നിയമിക്കുമ്പോൾ വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ ;

(സി) എങ്കിൽ ചീഫ് ടൗൺ പ്ലാനറുടെ അധിക ചുമതല നൽകിയ എസ്. രാജാറാമിന്റെ നിയമനത്തിന് ഈ നടപടിക്രമം പാലിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly